**പതിനഞ്ചാം കേരള നിയമസഭ**

**മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2023-2026)**

**പന്ത്രണ്ടാമത് റിപ്പോർട്ട്**

(2026 ഫെബ്രുവരി 5-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[കേരളത്തിലെ പകൽ വീടുകളെ സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട്.]**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2026

പട്ടിക [illegible]

**പതിനഞ്ചാം കേരള നിയമസഭ**

**മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2023-2026)**

**പന്ത്രണ്ടാമത് റിപ്പോർട്ട്**

(2026 ഫെബ്രുവരി 5-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[കേരളത്തിലെ പകൽ വീടുകളെ സംബന്ധിച്ച സ്പെഷ്യൽ റിപ്പോർട്ട്.]**

## ഉള്ളടക്കം


| | | | പേജ് |
|---|---|---|---|
| സമിതിയുടെ ഘടന | | .. | v |
| ആമുഖം | | .. | vii |
| റിപ്പോർട്ട് | | .. | 1 |
| അനുബന്ധം : | മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ | .. | 10 |

## മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി(2023-2026)

### ഘടന

ചെയർപേഴ്സൺ :

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

അംഗങ്ങൾ :

ശ്രീ. പി. അബ്ദുൽ ഹമീദ്

ശ്രീ. അഹമ്മദ് ദേവർകോവിൽ

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. ജോബ് മൈക്കിൾ

ശ്രീ. പി. മമ്മിക്കുട്ടി

ശ്രീ. കെ. പി. മോഹനൻ

വാഴൂർ സോമൻ *

ശ്രീ. ടി. ജെ. വിനോദ്

നിയമസഭാ സെക്രട്ടേറിയറ്റ്:

ഡോ. എൻ. കൃഷ്ണ കുമാർ, സെക്രട്ടറി

ശ്രീമതി ഷീബാ വർഗീസ്, ജോയിന്റ് സെക്രട്ടറി

ശ്രീമതി സിന്ധു റ്റി.ജി., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ആനന്ദ് കെ., അണ്ടർ സെക്രട്ടറി

* 21.08.2025 -ന് നിര്യാതനായി.

## ആമുഖം

മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2023-2026)യുടെ അധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ 12-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ജീവിതത്തിന്റെ സായാഹ്നത്തിലെത്തി നിൽക്കുന്ന വയോജനങ്ങളുടെ ക്ഷേമവും സംരക്ഷണവും ഇന്ന് വലിയ സാമൂഹിക പ്രശ്നമായി തീർന്നിരിക്കുകയാണ്. കേരളത്തിൽ മാത്രമല്ല, രാജ്യത്തുടനീളം മുതിർന്ന പൗരന്മാരുടെ എണ്ണം അതിവേഗം വർദ്ധിക്കുന്നു. സമൂഹത്തിന്റെ മുന്നിൽ പലപ്പോഴും ഇത് വലിയ വെല്ലുവിളികളും ബാധ്യതകളും സൃഷ്ടിക്കാറുണ്ട്. ആയതിനാൽ തന്നെ വയോജനങ്ങളുടെ സംരക്ഷണം ഏറ്റെടുക്കേണ്ടത് സമൂഹത്തിന്റെ ധർമ്മവും അനിവാര്യതയുമാണ്. ആയത് മുന്നിൽ കണ്ടുകൊണ്ടാണ് മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി 'കേരളത്തിലെ പകൽ വീടുകൾ ' എന്ന വിഷയത്തിന്മേൽ ഒരു പ്രത്യേക റിപ്പോർട്ട് തയ്യാറാക്കുവാൻ തീരുമാനിച്ചത് . ഇതിനായി തയ്യാറാക്കി ചോദ്യാവലിയിന്മേൽ സാമൂഹ്യനീതി, തദ്ദേശസ്വയം ഭരണം എന്നീ വകുപ്പുകളിൽ നിന്ന് ലഭ്യമാക്കിയ റിപ്പോർട്ടുകളും അതിന്മേൽ സമിതി ആരാഞ്ഞ അധിക വിവരത്തിന്മേൽ സർക്കാർ നൽകിയ മറുപടിയും പരിശോധിച്ച് സമിതി നൽകിയ ശിപാർശകൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് ഈ റിപ്പോർട്ട്.

2026 ഫെബ്രുവരി 4-ാംതീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

**കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,**
ചെയർപേഴ്സൺ,
മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി.

തിരുവനന്തപുരം,
**2026 ഫെബ്രുവരി 5**

# റിപ്പോർട്ട്

**1.** ആധുനിക കാലത്ത് സമൂഹം നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നങ്ങളിൽ ഒന്നാണ് വയോജനങ്ങളുടെ സംരക്ഷണം. 2030 ഓടെ കേരളത്തിലെ ആകെ ജനസംഖ്യയുടെ 30 ശതമാനം വയോജനങ്ങളായിരിക്കുമെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത് . അതുകൊണ്ടുതന്നെ കൂട്ടുകുടുംബ വ്യവസ്ഥ നിലനിന്നിരുന്നതും ജനസംഖ്യ കുറഞ്ഞിരുന്നതുമായ കാലഘട്ടത്തിൽ നിന്ന് വ്യത്യസ്തമായി ഇവരുടെ ക്ഷേമവും പരിചരണവും സർക്കാരുകളുടെയും സമൂഹത്തിന്റെയും ഉത്തരവാദിത്തമായി മാറിയിരിക്കുകയാണ്. ജീവിത സായാഹ്നത്തിൽ ഒറ്റപ്പെട്ടുപോകുന്നവരിൽ ആത്മവിശ്വാസം ഉറപ്പാക്കി, അവർക്ക് ആനന്ദഭരിതവും ശാന്തവുമായ ജീവിതം സാധ്യമാക്കുന്നതിന് സർക്കാരിനും സമൂഹത്തിനും ഉത്തരവാദിത്തമുണ്ടെങ്കിലും ആയത് എത്രത്തോളം സാധ്യമാകുന്നുവെന്ന് വിലയിരുത്തപ്പെടേണ്ടതാണ്.

**2.** ഇന്ന് കേരളീയ ഗൃഹങ്ങളിൽ ഏറ്റവും അരക്ഷിതർ വയോജനങ്ങളാണ് . പല കുടുംബങ്ങളിലും മാതാപിതാക്കൾ അവഗണിക്കപ്പെടുകയും ആക്രമിക്കപ്പെടുകയും ചെയ്യുന്നു. സംസ്ഥാനത്ത് വയോജനങ്ങൾക്കെതിരായ അതിക്രമങ്ങളിൽ 70% കേസുകളിലും പ്രതിസ്ഥാനത്ത് മക്കളും മരുമക്കളുമാണെന്നാണ് റിപ്പോർട്ടുകൾ വ്യക്തമാക്കുന്നത്. വയോധികരുടെ സംരക്ഷണത്തിനായി ഒട്ടേറെ പദ്ധതികളുണ്ടായിട്ടും ജീവിതസായാഹ്നത്തിൽ അനാഥത്വത്തിലൂടെയും ഏകാന്തതയിലൂടെയും കടന്നുപോകുന്നവരുടെ ദുർവിധി ഈ നാടിന്റെ ഉറക്കം കെടുത്താൻ പോന്നതാണ് . നൂതന ആശയങ്ങളും സാങ്കേതികവിദ്യയും ഉപയോഗപ്പെടുത്തി വയോജനക്ഷേമത്തിൽ വിദേശരാജ്യങ്ങൾ കൈവരിക്കുന്ന നേട്ടങ്ങൾ നാം മാതൃകയാക്കേണ്ടതുണ്ട്.

**3.** ജെറിയാട്രിക് പദ്ധതികളും നയങ്ങളും നമ്മുടെ രാജ്യത്ത് ഇനിയും രൂപപ്പെട്ട് തുടങ്ങേണ്ടതുണ്ട്. വിദേശ രാജ്യങ്ങളിൽ ഏറ്റവും മികച്ച പരിഗണനയാണ് വയോജനങ്ങൾക്ക് നൽകികൊണ്ടിരിക്കുന്നത്. സംസ്ഥാനത്ത് 2009-ൽ മാതാപിതാക്കളുടെ മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും ചട്ടങ്ങൾ

നിലവിൽ വന്നെങ്കിലും പ്രായോഗിക തലത്തിൽ അത് വേണ്ടത്ര ഫലപ്രദമായിട്ടില്ലെന്നാണ് മാധ്യമ വാർത്തകൾ പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത്. മുതിർന്ന പൗരന്മാർക്ക് പിന്തുണയും സഹായവും നൽകുന്ന മനോഭാവം ഓരോ വ്യക്തിയിലും ഉണ്ടാകണമെങ്കിൽ അതിന് ആദ്യം മുന്നിട്ടിറങ്ങേണ്ടത് സർക്കാർ സംവിധാനങ്ങളാണ്. തങ്ങളുടെ ജീവിതം കുടുംബത്തിനും സമൂഹത്തിനുമായി ഒരിക്കൽ സമർപ്പിച്ചിരുന്നവരാണ് വയോജനങ്ങളെന്നും അതുകൊണ്ടുതന്നെ അവർക്ക് അർഹമായ പരിഗണന നൽകേണ്ടതാണെന്നുമുള്ള അവബോധം പുതുതലമുറയിൽ ഉണ്ടാക്കേണ്ടത് അനിവാര്യമാണ്. അതിനായി കുട്ടിക്കാലം മുതൽ തന്നെ വയോജനങ്ങളെ ബഹുമാനത്തോടെയും ആദരവോടെയും കാണുന്ന തരത്തിലേക്ക് സമൂഹത്തെ മാറ്റിയെടുക്കാൻ സാധിക്കണം.

**4.** കേരളത്തിൽ സന്നദ്ധപ്രവർത്തനത്തിലൂടെ നടക്കുന്ന സാന്ത്വന പരിചരണം ലോകത്തിന് തന്നെ മാതൃകയാണ്. മാറാരോഗവും അതിന്റെ വേദനയും രോഗിയുടെ മാത്രം വേദനയല്ല, സമൂഹത്തിന്റെയാകെ വേദനയും ദൈന്യവുമാണെന്ന് അറിഞ്ഞ് വേണം പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത്. പലതരം കാൻസറുകൾ വൃക്കരോഗങ്ങൾ, മറവി, പരിക്കുകൾ എന്നിവയെല്ലാം കാരണം കിടപ്പുരോഗികളായി വീടുകളിൽ കഴിയുന്നവർക്കും വാർധക്യപീഡകളനുഭവിക്കുന്നവർക്കും പരിചരണം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ ഔദ്യോഗികവും അനൗദ്യോഗികവുമായ പാലിയേറ്റീവ് കെയർ സംവിധാനത്തിലൂടെ സാധിക്കുമെന്ന് സമിതി മനസ്സിലാക്കുന്നു. പ്രവാസി മലയാളി കൂട്ടായ്മകളടക്കം നൂറുകണക്കിന് പാലിയേറ്റീവ് കെയർ ഗ്രൂപ്പുകളും ആയിരക്കണക്കിന് സന്നദ്ധ പ്രവർത്തകരും ഈ രംഗത്ത് നടത്തുന്ന മഹനീയ സേവനം വളരെയധികം പ്രശംസനീയമാണ്. എന്നാൽ ഡോക്ടർ, നഴ്സ്, ഫിസിയോതെറാപ്പിസ്റ്റ്, സന്നദ്ധപ്രവർത്തകർ എന്നിവരടങ്ങിയ പാലിയേറ്റീവ് ടീമുകൾ മിക്ക സ്ഥലത്തും ഇല്ലെന്നതാണ് വസ്തുത. കിടപ്പുരോഗികളെയും ഓർമ്മക്കുറവുള്ളവരെയും വീടുകളിൽ തനിച്ചാക്കി ജോലി ചെയ്യാൻ പോകാനാവാതെയും മറ്റും കുടുംബജീവിതം വഴിമുട്ടുന്നതും ദുരിതപൂർ

ണ്ണമാവുന്നതുമായ കാഴ്ചകളും ഒറ്റപ്പെട്ട സംഭവങ്ങളല്ല. ഈ പ്രശ്നത്തിന് പരിഹാരമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തങ്ങളിലൊന്നായി സാന്ത്വനപരിചരണ സംവിധാനത്തെ ഉൾപ്പെടുത്തേണ്ടതാണെന്ന് സമിതി വിലയിരുത്തുന്നു.

5. മനുഷ്യന്റെ ജീവിതയാത്രയിൽ ഒരു വ്യത്യസ്തഘട്ടമാണ് വയോജനാവസ്ഥ . തൊഴിൽജീവിതം കഴിഞ്ഞ്, കുടുംബ ഘടനയിലും ആരോഗ്യ-ശാരീരിക ഘടകങ്ങളിലും മാറ്റം സംഭവിക്കുന്ന ഈ ഘട്ടത്തിൽ വയോജനങ്ങൾ നേരിടുന്ന ഒരു വലിയ പ്രശ്നമാണ് ഒറ്റപ്പെടൽ. പങ്കാളിയുടെ വേർപാട് സൃഷ്ടിക്കുന്ന ഏകാന്തത , മനസാന്നിദ്ധ്യമില്ലായ്മ, ബന്ധങ്ങളുടെ കുറവ് എന്നിവ നാം പരിഗണിക്കേണ്ടതായ ഒരു സാമൂഹ്യപ്രശ്നമാണ് . നാട്ടിൻപുറങ്ങളെ അപേക്ഷിച്ച് നഗര പ്രദേശങ്ങളിലാണ് ഈ ഒറ്റപ്പെടൽ വയോധികർക്ക് കൂടുതലായും അനുഭവപ്പെടുന്നത്. പഴയകാലത്തെ അപേക്ഷിച്ച് ഇന്ന് പഠനം, ജോലി എന്നിവ സംബന്ധമായി കുടുംബാംഗങ്ങളുടെ മാറിതാമസിക്കൽ ന്യൂക്ലിയർ കുടുംബം എന്നിവ സാധാരണമാണ്. രോഗങ്ങൾ, ശാരീരികമായ ആശ്രിതത്വവർദ്ധനവ്, വീടിനകത്തേതായ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കാൻ കഴിവില്ലായ്മ തുടങ്ങിയവ ഒറ്റപ്പെടലിന്റെ മുഖ്യ ഘടകങ്ങളാകുന്നു . വയോജനങ്ങളെ സംരക്ഷിക്കാൻ താല്പര്യമുള്ള കുടുംബാംഗങ്ങൾക്കും വിദ്യാഭ്യാസം , ജോലി എന്നിവയുടെ സൗകര്യാർത്ഥം ഇവരെ വീടുകളിൽ ഒറ്റയ്ക്കാക്കി പോകേണ്ടിവരുന്നു. ഇപ്രകാരം വീടുകളിൽ ഒറ്റപ്പെടുന്ന പല വയോജനങ്ങൾക്കും ലൈംഗികമായ പീഡനങ്ങളും ആക്രമണങ്ങളും നേരിടേണ്ടി വരുന്നു എന്നതും വീഴ്ചയെത്തുടർന്ന് കിടപ്പുരോഗികളാകുന്നതും പലപ്പോഴും മരണംപോലും യഥാസമയം അറിയാതെ പോകുന്ന സാഹചര്യവും ഉണ്ടാകാം.

6. പകൽ സമയം വൃദ്ധജനങ്ങൾക്ക് സുരക്ഷിതമായി സമയം ചെലവഴിക്കുവാൻ സാധിക്കുന്ന തരത്തിലുള്ള ഒരു സംവിധാനമാണ് പകൽ വീടുകൾ . സർക്കാരിന്റെ ആഭിമുഖ്യത്തിലും സ്വകാര്യമേഖലയിലും ഇന്ന് ധാരാളം പകൽവീടുകൾ പ്രവർത്തിക്കുന്നുണ്ട്.

7. വയോജനങ്ങൾക്ക് ഒറ്റപ്പെടലിന്റെ വിരസതകളിൽ നിന്നു മാറി, മാനസിക ഉല്ലാസത്തോടെ സമയം ചെലവഴിക്കാൻ അവസരം ഒരുക്കുന്നതിനായി നടപ്പാക്കിയ "പകൽ വീട്" പദ്ധതി എല്ലാ പഞ്ചായത്തുകളിലും വ്യാപിപ്പിക്കുവാൻ സാധിച്ചിട്ടില്ലെന്നും

സംസ്ഥാനത്തെ 420 ഗ്രാമപഞ്ചായത്തുകളിലായി ആകെ 560 പകൽ വീടുകളാണ് നിലവിലുള്ളതെന്നും ആയതിൽ 438 പകൽ വീടുകൾ അടിസ്ഥാന സൗകര്യങ്ങൾ ഉള്ളവയാണെന്നും സമിതി നിരീക്ഷിക്കുന്നു. ഓരോ പഞ്ചായത്തിലും ഒരു പകൽവീടെങ്കിലും ഉണ്ടായിരിക്കേണ്ടത് അനിവാര്യമാണെന്നും സമിതി കരുതുന്നു.

**8.** പകൽ വീടുകളിൽ ചായ ലഘുഭക്ഷണം എന്നിവയും ചില പകൽ വീടുകളിൽ ഉച്ചഭക്ഷണവും നൽകിവരുന്നു. വയോജനങ്ങളുടെ മാനസികോല്ലാസത്തിനായി ടി.വി, റേഡിയോ, പത്രങ്ങൾ, പുസ്തകങ്ങൾ, മാസികകൾ എന്നിവയും ചെസ്സ്, കാരംസ് പോലുള്ള വിനോദങ്ങളും പകൽ വീടുകളിൽ ലഭ്യമാക്കി വരുന്നുണ്ട്. പ്രാദേശികമായ ആവശ്യകത പരിശോധിച്ച് എല്ലാ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലും പകൽവീടുകൾ സ്ഥാപിക്കുന്നതിനും പ്രവർത്തനക്ഷമമല്ലാത്ത പകൽവീടുകൾ പ്രവർത്തനക്ഷമമാക്കുന്നതിനും എല്ലാ പകൽ വീടുകളിലും ലഘു പാനീയം , ശുചിമുറി, വിശ്രമ സൗകര്യങ്ങൾ എന്നിവ ഒരുക്കുന്നതിന് എല്ലാ ഗ്രാമപഞ്ചായത്തുകൾക്കും നിർദ്ദേശം നൽകിയിട്ടുള്ളതായി സർക്കാർ മറുപടിയിലൂടെ സമിതി മനസ്സിലാക്കുന്നു . പ്രാദേശികമായ ആവശ്യകത പരിശോധിച്ച് എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും പകൽവീടുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം കടലാസിൽ മാത്രം ഒതുങ്ങാതെ പ്രാവർത്തികമാക്കിയാൽ മാത്രമേ വയോജനങ്ങളുടെ പകൽ സമയത്തെ ഒറ്റപ്പെടൽ പരിഹരിക്കുന്നതിന് സാധിക്കുകയുള്ളൂ.

**9. നിർമ്മാണം പൂർത്തിയായ പകൽ വീടുകൾ പലതും തുറന്ന് പ്രവർത്തിക്കുന്നില്ലെന്ന് തെളിവെടുപ്പ് വേളയിൽ ബോധ്യപ്പെട്ട സമിതി , നിർമ്മാണം പൂർത്തിയായ എല്ലാ പകൽ വീടുകളും അടിയന്തിരമായി തുറന്ന് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ശിപാർശ ചെയ്യുന്നു.**

**10.** നിലവിലെ പദ്ധതി രൂപീകരണ മാർഗ്ഗരേഖ പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതുവിഭാഗം വികസന ഫണ്ടിന്റെ സാധാരണ വിഹിതം , എസ്.സി.പി., റ്റി.എസ്.പി. എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയറിനുമായിട്ടാണ് വകയിരുത്തുന്നത്. ഇത്തരത്തിൽ

തുക വകയിരുത്തുമ്പോൾ പലപ്പോഴും ഏറിയ പങ്കും അനിവാര്യപദ്ധതിയായ പാലിയേറ്റീവ് കെയറിനായി മാറ്റിവയ്ക്കേണ്ടതായി വരുന്നുണ്ട്. ആയതുകൊണ്ടുതന്നെ സമീപകാലത്ത് ഗ്രാമപഞ്ചായത്തുകളിലും വയോജനക്ഷേമത്തിന് മാത്രമായുള്ള പ്രോജക്ടുകൾക്ക് തുക വകയിരുത്തുന്നതിൽ കുറവ് സംഭവിച്ചിട്ടുള്ളതായി സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. **ആയത് പരിഹരിക്കുന്നതിലേക്കായി ഗ്രാമപഞ്ചായത്തുകൾ കുറഞ്ഞപക്ഷം പൊതുവിഭാഗം വികസനഫണ്ടിന്റെ സാധാരണ വിഹിതം , എസ്.സി.പി., റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 4 ശതമാനം തുക പാലിയേറ്റിവ് കെയറിന് മാത്രമായും 3 ശതമാനം തുക വയോജന ക്ഷേമത്തിന് മാത്രമായും നിർബന്ധമായും വകയിരുത്തേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**11.** വയോജനങ്ങളുടെ ക്ഷേമത്തിനായും സംരക്ഷണത്തിനായും ഓരോ നഗരസഭകളും തങ്ങളുടെ പദ്ധതി രൂപീകരണത്തിൽ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് പകൽവീടുകൾ നിർമ്മിച്ച് പ്രവർത്തനം നടത്തിവരുന്നു. കൂടാതെ പതിനാലാം പഞ്ചവൽസരപദ്ധതി, മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനും വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റിവ് കെയർ പ്രകാരമുള്ള പരിചരണത്തിനും കുറഞ്ഞത് 5% തുക വകയിരുത്തണമെന്നുള്ള നിർദ്ദേശം 19/04/2022-ലെ . സ .ഉ.(കൈ)നം.86/22/തസ്വഭവ നമ്പരായുള്ള മാർഗ്ഗരേഖയിൽ നൽകിയിട്ടുള്ളതായും സമിതി മനസ്സിലാക്കുന്നു. **(*അനുബന്ധം*)**

**12. പതിനാലാം പഞ്ചവൽസരപദ്ധതിയുടെ ഗ്രാമ ബ്ലോക്ക്- ജില്ലാ പഞ്ചായത്തുകൾക്ക് വാർഷിക പദ്ധതികൾ തയ്യാറാക്കുന്ന പരാമർശ മാർഗ്ഗരേഖയിലെ ഖണ്ഡിക 6.5(12) പ്രകാരം സമ്പൂർണ്ണ വയോസൗഹൃദ തദ്ദേശസ്വയംഭരണ സ്ഥാപനമായി മാറുന്നതിന്റെ ഭാഗമായി വയോജനങ്ങൾക്ക് അനായാസം എത്തിച്ചേരാൻ കഴിയുന്ന സ്ഥലത്ത് മൂന്ന് വീതം വയോ ക്ലബുകൾ (പകൽ സമയത്ത് പ്രവർത്തിക്കുന്ന വിശ്രമ വിനോദ കേന്ദ്രങ്ങൾ ) ഗ്രാമ പഞ്ചായത്തുകൾ ആരംഭിക്കേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്. ആയതു പ്രകാരമുള്ള പ്രവർത്തനങ്ങൾ ത്രിതല പഞ്ചായത്തുകൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

13. വയോജനസൗഹൃദമല്ലാത്ത ഇടങ്ങളല്ല മറിച്ച് , സമപ്രായക്കാരോടൊത്ത് സന്തോഷമായി ജീവിക്കാനുള്ള അന്തരീക്ഷമുള്ള വിശ്രമകേന്ദ്രങ്ങളും വില്ലകളുമാണ് വേണ്ടത്. പ്രായമായവരുടെ എണ്ണം കൂടുന്നു എന്ന് വിലപിക്കുന്നതല്ല , മറിച്ച് അവർക്ക് അന്തസ്സോടെ ജീവിക്കാനുള്ള സൗകര്യമൊരുക്കുന്നതാണ് ഒരു ക്ഷേമരാഷ്ട്രത്തിന്റെ ലക്ഷണം. അവരുടെ അധ്വാനശേഷിയും പ്രതികരണശേഷിയും ഉപയോഗിച്ച സമൂഹത്തിന് അവരെ പുനരധിവസിപ്പിക്കാനും ബാധ്യതയുണ്ട് . ജീവിതത്തിൽ ഒറ്റപ്പെടലിനോളം വലിയ ദുരന്തമില്ല. മക്കളെല്ലാം പഠനത്തിനും ജോലിക്കുമായി പോയിക്കഴിഞ്ഞാൽ പിന്നീട് പല വയോജനങ്ങൾക്കും വീടിനകം നരകമാകുന്ന അവസ്ഥയാണ്. **വയോധികർക്ക് അങ്ങാടിയിൽ സൊറ പറഞ്ഞിരിക്കാൻ വേണ്ടി മലപ്പുറം നഗരസഭ നിർമ്മിച്ച 'ബഡായി ബസാർ' മാതൃകയിൽ മുതിർന്നവർക്ക് കൂട്ടുകൂടാൻ പറ്റിയ കേന്ദ്രങ്ങൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിലുമുണ്ടാകണമെന്നും ഒഴിഞ്ഞുകിടക്കുന്ന ഫ്ലാറ്റുകളും വില്ലകളും ഇത്തരം കേന്ദ്രങ്ങളാക്കുന്ന കാര്യം പരിശോധിക്കണമെന്നും സമിതി ശിപാർശചെയ്യുന്നു.**

**14. പകൽ സമയം ഒറ്റപ്പെട്ടിരിക്കുന്ന മുതിർന്ന പൗരന്മാർക്ക് കൂട്ടായ്മയും പരിചരണവും നൽകുക, അവരുടെ മാനസികാരോഗ്യവും ആത്മവിശ്വാസവും വർദ്ധിപ്പിക്കുക , ശാരീരികാരോഗ്യ പരിശോധനയും കൗൺസിലിംഗും ഉറപ്പാക്കുക , സാമൂഹ്യപങ്കാളിത്തം, വിനോദം, സൃഷ്ടിപരമായ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് അവസരം ഒരുക്കുക, കുടുംബങ്ങൾക്കും മുതിർന്നവർക്കുമിടയിൽ സൗഹൃദം ശക്തമാക്കുക എന്നിവയ്ക്കായി ഭക്ഷണം, വിനോദം, കൗൺസിലിംഗ്, ആരോഗ്യപരിശോധന, ലൈബ്രറി തുടങ്ങിയവയ്ക്കുള്ള സൗകര്യങ്ങൾ പകൽ വീടുകളിൽ ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**15. പകൽവീടുകളിൽ വരുന്ന മുതിർന്ന പൗരന്മാരെ സാക്ഷരരാക്കുവാനും വാട്സ്ആപ്പ് , ഫേസ്ബുക്ക് മുതലായ സമൂഹമാധ്യമങ്ങൾ ഉപയോഗിക്കുന്നതിൽ പരിശീലനം നൽകുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടത്തണമെന്നും, മുതിർന്ന പൗരന്മാരും പുറം ലോകവും തമ്മിലുള്ള അന്തരം നികത്തുന്നതിനായും വാർദ്ധക്യത്തിലെ ഏകാന്തതയില്ലാതാക്കുവാനും പരിശീലനം ലഭിച്ച എം.എസ്.ഡബ്ല്യൂ വിദ്യാർത്ഥികൾ , എൻ. എസ്. എസ്. വോളന്റിയേഴ്സ് മുതലായവരെ ഉൾ പ്പെടുത്തി ഫോൺസുഹൃത്തുകളുടെ സേവനം ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

16. ഓരോ പകൽവീട്ടുകളിലും സൂപ്പർവൈസർ, കെയർടേക്കർ, ഹെൽത്ത് വർക്കർ, കുക്ക് എന്നിവരുടെ സേവനം ഉണ്ടാകണമെന്നും വയോജനങ്ങളുടെ സാമ്പത്തിക ചുറ്റുപാടനുസരിച്ച് സൗജന്യമായോ കുറഞ്ഞ ഫീസിലോ ഇവിടെ പ്രവേശനം നല്കാവുന്നതാണെന്നും സമിതി ശിപാർശ ചെയ്യുന്നു.

17. പകൽവീട്ടുകളിൽ മുതിർന്ന പൗരന്മാർക്ക് ജീവിതശൈലി രോഗങ്ങളായ ബി .പി., കൊളസ്ട്രോൾ, ഷുഗർ എന്നിവയുടെ മെഷീൻ ടെസ്റ്റുകളും , യൂറിൻ(ഷുഗർ, ആൽബുമിൻ), ഇ.എസ്.ആർ. ഒഴികെയുള്ള ബ്ലഡ് ടെസ്റ്റുകളും , കിഡ്നി ഫംഗ്ഷൻ, ബിലുറൂബിൻ, ഹെപ്പറ്റൈറ്റിസ് ബി എന്നി ടെസ്റ്റുകളും ഇ.സി.ജി. എന്നിവയും നിശ്ചിത ഇടവേളകളിൽ സൗജന്യമായി ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു. പകൽവീട്ടുകളിൽ എത്തിച്ചേരുന്ന വയോജനങ്ങൾക്ക് കൗൺസിലിംഗ് സൗകര്യം ഏർപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

18. പ്രഥമ ശുശ്രൂഷ നൽകുന്നതിന് പരിശീലനം ലഭിച്ച പാരാമെഡിക്കൽ സ്റ്റാഫിന്റെ സേവനം പകൽവീട്ടുകളിൽ ലഭ്യമാക്കണമെന്നും മാസത്തിലൊരിക്കൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ നിന്നുള്ള മെഡിക്കൽ ടീം പകൽവീട്ടുകളിൽ പരിശോധന നടത്തുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണമെന്നും, അംഗങ്ങളുടെ ഹെൽത്ത് റെക്കോർഡ് മോണിറ്റർ ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

19. ഓരോ ജില്ലയിലും കുറഞ്ഞത് ഒരു മാതൃകാ പകൽവീട് സ്ഥാപിക്കുകയും മെഡിക്കൽ കോളേജുകളുടെയും സോഷ്യൽ വർക്ക് കോളേജുകളുടെയും സഹകരണം ഉറപ്പാക്കുകയും ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

20. പകൽ വീട്ടുകളിലെ അംഗങ്ങൾക്കായി ഡിജിറ്റൽ രജിസ്ട്രേഷൻ സംവിധാനം ഏർ പ്പെടുത്തണമെന്നും പദ്ധതിയുടെ ഫലപ്രാപ്തി വിലയിരുത്താൻ വാർഷിക സർവേ നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

21. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടത്തുന്ന പകൽ വീട്ടുകളിൽ അനുയോജ്യമായവ തിരഞ്ഞെടുത്ത് എൻ.ജി.ഒ-കളുടെ സഹകരണത്തോടെ 'മോഡൽ സായംപ്രഭാ ഹോം' ആയി അപ്ഗ്രേഡ് ചെയ്യുന്ന പദ്ധതി നിലവിലുണ്ടെന്ന് നിരീക്ഷിച്ച സമിതി , പ്രസ്തുത പദ്ധതി

**പ്രകാരം ഏതെല്ലാം പകൽ വീട്ടുകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ടെന്നും അവയുടെ വിശദാംശവും ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുന്നു.**

**22. പകൽവീട്ടുകളിൽ എത്തുന്ന വയോജനങ്ങൾക്ക് അവരുടെ സർഗ്ഗാത്മകമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തണമെന്നും താൽപര്യവും ആരോഗ്യവുമുള്ള വയോജനങ്ങൾക്ക് മെഴുകുതിരി, ചന്ദനത്തിരി, കുട, കളിപ്പാട്ടം, പേപ്പർ ക്യാരിബാഗുകൾ തുടങ്ങിയവയുടെ നിർമ്മാണം പോലെയുള്ള തൊഴിൽ പരിശീലന പരിപാടികൾ സംഘടിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

**23. വീട്ടുകളിൽ നിന്നും പകൽവീട്ടുകളിലേക്കും തിരിച്ച് വീട്ടുകളിലേക്കും മുതിർന്ന പൗരന്മാരെ എത്തിക്കുന്നതിന് വാഹന സൗകര്യം ഏർപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

**24. പകൽ വീട്ടുകളിലെ അംഗങ്ങളെ ആറ് മാസത്തിലൊരിക്കലെങ്കിലും പിക്നിക് , സിനിമ മുതലായവയ്ക്ക് കൊണ്ടുപോകണമെന്നും അടുത്തുള്ള അനാഥാലയങ്ങൾ സന്ദർശിച്ച് അന്തേവാസികളുമായി ഇടപഴകുന്നതിനുള്ള അവസരം ഒരുക്കുന്നത് ഇവരുടെ മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിനും വിഷാദ രോഗങ്ങളിൽ നിന്നും കരകയറുന്നതിനും സഹായിക്കുമെന്നതിനാൽ അതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

**25.** പകൽവീട്ടുകളുടെ നിയന്ത്രണം, നടത്തിപ്പ് എന്നിവയ്ക്ക് പ്രത്യേകം സമിതിയെ ചുമതലപ്പെടുത്തിയിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. **തദ്ദേശസ്വയംഭരണം, സാമൂഹ്യനീതി എന്നീ വകുപ്പുകളുടെ സംയുക്തമായ മേൽനോട്ടത്തിൽ പകൽവീട്ടുകളുടെ പ്രവർത്തനം വിലയിരുത്തി അവ മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകണമെന്നും പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് നിശ്ചിത ഇടവേളകളിൽ മോണിറ്റർ ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

**26.** കുടുംബങ്ങളിലെ വിയോജിപ്പും ഉൾപ്പോരും സ്വാർത്ഥതയും ഏറ്റവും ആദ്യവും അധികവും ബാധിക്കുന്നത് വയോജനങ്ങളെയാണ്. എത്രയൊക്കെ സൗകര്യങ്ങളും ശ്രദ്ധയും പരിചരണവും കിട്ടിയാലും അത് സ്വന്തം ബന്ധുക്കളിൽ നിന്ന് ലഭിക്കുന്ന സ്നേഹത്തിനും സാന്ത്വനത്തിനും തുല്യമാകില്ല. മാതാപിതാക്കൾക്കു നേരെ കയ്യോങ്ങുന്ന

മക്കൾ സമൂഹത്തിന്റെ മാത്രമല്ല , കാലത്തിന്റെ തന്നെ ശാപമാണ് . നമ്മുടെ അച്ഛനമ്മമാരോടു നാം ചെയ്യുന്നതിൽ നിന്നും നമ്മുടെ മക്കൾ പാഠം കണ്ടെത്തുന്നുണ്ട് എന്ന അടിസ്ഥാന സത്യം ജീവിതത്തിന്റെ ആയിരം തിരക്കുകൾക്കിടയിൽ നമുക്ക് മറക്കാതിരിക്കാം.

27. മുതിർന്ന പൗരന്മാർക്കുള്ള സാമൂഹിക സുരക്ഷ ജീവകാരുണ്യമല്ല , മറിച്ച് അവരുടെ അടിസ്ഥാന മനുഷ്യാവകാശമാണെന്ന് ഓർമ്മിക്കേണ്ടത് വളരെ പ്രധാനമാണ് . അതുകൊണ്ടുതന്നെ വയോജനങ്ങളുടെ സംരക്ഷണകാര്യത്തിൽ സമൂഹത്തിന് വലിയ ഉത്തരവാദിത്തമുണ്ട്. പങ്കാളിയുടെ വേർപാടും മറ്റു കാരണങ്ങളും മൂലം ഒറ്റപെട്ടു പോകുന്നവരെ ചേർത്തു പിടിക്കാൻ സമൂഹത്തിനാകണം . ജീവിത സായാഹ്നത്തിൽ തങ്ങൾ ഒറ്റയ്ക്കല്ലെന്നും ഒരു സമൂഹം മുഴുവൻ കൈപിടിച്ച്. കൂടെയുണ്ടെന്നുമുള്ള ആത്മവിശ്വാസത്തോടെ മുന്നോട്ട് പോകുവാൻ 'പകൽ വീടുകൾ' വയോജനങ്ങൾക്ക് സഹായകമാകുമെന്ന് സമിതി പ്രത്യാശിക്കുന്നു.

കെ.പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ,
ചെയർപേഴ്സൺ,
മുതിർന്ന പൗരന്മാരുടെ ക്ഷേമം സംബന്ധിച്ച സമിതി

തിരുവനന്തപുരം,
2026, ഫെബ്രുവരി 4

സ.ഉ.(കൈ) നം.86/2022/LSGD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നവകേരളത്തിന് ജനകീയാസൂത്രണം — മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ - അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ.(കൈ) നം.86/2022/LSGD തീയതി,തിരുവനന്തപുരം, 19-04-2022

പരാമർശം:- 1. സ.ഉ (കൈ) നം. 275/2021/തസ്വഭവ; തീയതി 26/11/2021.

2. സ.ഉ (കൈ) നം. 68/2022/തസ്വഭവ; തീയതി 23/03/2022.

**ഉത്തരവ്**

കേരളത്തിന്റെ അഭിമാനമായ ജനകീയാസൂത്രണം അഞ്ച് പഞ്ചവത്സര പദ്ധതികൾ പിന്നിട്ടിരിക്കുന്നു. വൈവിധ്യമാർന്നതും ഭാവനാപൂർണ്ണവുമായ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാനുള്ള പ്രാപ്തി തദ്ദേശഭരണ സ്ഥാപനങ്ങൾ ആർജ്ജിച്ച് കഴിഞ്ഞു. കോവിഡാനന്തര നവകേരള സൃഷ്ടിയിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വലിയ പങ്ക് വഹിക്കാനുണ്ട്. പ്രാദേശിക സാമ്പത്തിക വളർച്ചയുടെ പ്രഭവ കേന്ദ്രങ്ങളായി തദ്ദേശഭരണ സ്ഥാപനങ്ങളെ മാറ്റുന്നതിനാണ് പതിനാലാം പദ്ധതിയിൽ ലക്ഷ്യമിടുന്നത്. ഇതോടൊപ്പം പ്രകൃതി വിഭവങ്ങൾ സംരക്ഷിച്ചുകൊണ്ട് സുസ്ഥിര വികസനം ഉറപ്പാക്കുക, കാലാവസ്ഥ വ്യതിയാനത്തെയും പ്രകൃതി ദുരന്തങ്ങളെയും അതിജീവിക്കുന്നതിനുള്ള കഴിവുകൾ ആർജ്ജിക്കാൻ സമൂഹത്തെ സഹായിക്കുക, സമഗ്രമായ സാമൂഹിക സുരക്ഷ ഉറപ്പാക്കുക, ദാരിദ്ര്യത്തിൽ നിന്നുള്ള പൂർണ്ണമായ മോചനം എന്നിവയും പതിനാലാം പദ്ധതിയിലെ സുപ്രധാന ലക്ഷ്യങ്ങളാണ്.

2. സംസ്ഥാനത്തിന്റെ പതിനാലാം പദ്ധതി മുന്നോട്ട് വയ്ക്കുന്ന വികസന ലക്ഷ്യങ്ങൾ കൈവരിക്കണമെങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന പദ്ധതികളും വലിയ വിജയമാകണം. അതിന് പര്യാപ്തമാകുന്നതരത്തിൽ ത്രിതല പഞ്ചായത്തുകൾക്കും നഗരഭരണ സ്ഥാപനങ്ങൾക്കും വെവ്വേറെ മാർഗ്ഗരേഖകളാണ് ആവിഷ്കരിച്ചിട്ടുള്ളത്. മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും പതിനാലാം പഞ്ചവത്സര പദ്ധതിയിലെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിന് ഈ ഉത്തരവിന്റെ അനുബന്ധത്തിൽ നൽകിയിട്ടുള്ള മാർഗ്ഗരേഖ സർക്കാർ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ശാരദ മുരളീധരൻ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും

4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
8. പഞ്ചായത്ത് ഡയറക്ടർ
9. നഗരകാര്യ ഡയറക്ടർ
10. ഗ്രാമവികസന കമ്മീഷണർ
11. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
12. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
13. ചീഫ് ടൗൺ പ്ലാനർ
14. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
15. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
16. എല്ലാ ജില്ലാ കളക്ടർമാർക്കും
17. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
18. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
19. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
20. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
21. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
22. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും
23. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
24. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
25. ഡയറക്ടർ ജനറൽ, കില
26. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
27. തദ്ദേശ സ്വയംഭരണ വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും
28. എല്ലാ സർവകലാശാലകളുടെയും വൈസ് ചാൻസലർമാർക്കും
29. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
30. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
31. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ
32. കോഓർഡിനേറ്റർ, നവകേരളം കർമ്മപദ്ധതി-2
33. ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ
34. മാനേജിങ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി ലിമിറ്റഡ്
35. ചെയർമാൻ, കേരള സംസ്ഥാന വൈദ്യുതി ബോർഡ്
36. മാനേജിങ് ഡയറക്ടർ, കേരള ജല അതോറിറ്റി
37. ഡയറക്ടർ, ഭൂജല വകുപ്പ്
38. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
39. എല്ലാ വകുപ്പുകളുടെയും പ്രിൻസിപ്പൽ സെക്രട്ടറിമാർക്ക്/ സെക്രട്ടറിമാർക്ക്
39. എല്ലാ വികസന വകുപ്പുകളുടെയും ഡയറക്ടർമാർക്ക്
40. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം

39) എല്ലാ പൊതുമേഖലാ സ്ഥാപനങ്ങൾ/കോർപ്പറേഷനുകൾ/ബോർഡുകൾ എന്നിവയുടെ മാനേജിംഗ് ഡയറക്ടർമാർക്കും, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും

നം.86/2022/LSGD

41. വിവര പൊതു ജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

42. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sureshkumar K
Date: 19-04-2022 16:50:18

സെക്ഷൻ ഓഫീസർ

പകർപ്പ്:

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

ബഹു. തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

മറ്റ് വകുപ്പുകളുടെ ബഹു. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്

തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

തദ്ദേശസ്വയംഭരണ(റൂറൽ) വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.യ്ക്ക്

തദ്ദേശസ്വയംഭരണ(അർബൻ) വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

## 5.4 വികസന ഫണ്ടിന്റെ മേഖലാ വകയിരുത്തലും പ്രത്യേക പദ്ധതികളുടെ വിഹിതവും നിശ്ചയിക്കൽ

5.4.1 പൊതു വിഭാഗം സാധാരണ വിഹിതം, പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നീ വിഹിതങ്ങൾ വിഭജിപ്പിച്ച് ഉത്പാദനം, സേവനം, പശ്ചാത്തലം മുതലായ മേഖലകൾക്കും പ്രത്യേക പദ്ധതികൾക്കും വകയിരുത്തുന്നതിന് ചുവടെ വിവരിക്കുന്ന നിബന്ധനകൾ പാലിക്കണം.

(1) നഗരസഭകൾ പൊതുവിഭാഗത്തിലെ സാധാരണ വിഹിതം, പ്രത്യേക ഘടക പദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നീ വിഹിതങ്ങളുടെ ആകെ തുകയുടെ 20 ശതമാനത്തിൽ കുറയാതെയുള്ള വിഹിതം ലൈഫ് പാർപ്പിട സുരക്ഷാപദ്ധതി, പി.എം.എ.വൈയുടെ അധിക വിഹിതം എന്നിവ ഉൾപ്പെടെയുള്ള പാർപ്പിട മേഖലയ്ക്ക് വകയിരുത്തണം. ഇങ്ങനെ വകയിരുത്തുമ്പോൾ പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും 20 ശതമാനത്തിൽ കുറയാതെ നീക്കിവയ്ക്കുന്നുണ്ടെന്ന് ഉറപ്പാക്കണം.

(2) പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും പാർപ്പിട മേഖലയ്ക്ക് വകയിരുത്തുന്ന 20 ശതമാനം തുക കുറവ് ചെയ്ത് ബാക്കി തുകയ്ക്ക് മാത്രം മേഖലാ വകയിരുത്തലിന്റെ കുറഞ്ഞ/കൂടിയ പരിധിയും പ്രത്യേക പദ്ധതികളുടെ കുറഞ്ഞ വിഹിതവും കണക്കാക്കേണ്ടതാണ്. ഇരുപത് ശതമാനത്തിൽ കൂടുതൽ തുക വകയിരുത്തുന്ന സന്ദർഭത്തിൽ പ്രസ്തുത തുക (20 ശതമാനത്തിൽ അധികംവരുന്ന തുക) മേഖലാ വിഭജന നിബന്ധനകൾക്ക് വിധേയമായി കണ്ടെത്തേണ്ടതാണ്.

(3) നഗരസഭകൾ പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്നും (Normal Share under General Sector Fund) ഏറ്റവും കുറഞ്ഞത് 10 ശതമാനമെങ്കിലും ഉത്പാദന മേഖലയ്ക്ക് വകയിരുത്തണം.

(4) പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്ന് 50 ശതമാനത്തിൽ അധികം തുക പശ്ചാത്തല മേഖലയ്ക്ക് വകയിരുത്തുവാൻ പാടില്ല.

(5) പട്ടികജാതി ഉപപദ്ധതി (എസ്.സി.എസ്.പി) വിഹിതത്തിന്റെ 30 ശതമാനത്തിൽ അധികം തുക പശ്ചാത്തല മേഖലയ്ക്ക് വകയിരുത്തുവാൻ പാടില്ല.

(6) പട്ടികവർഗ്ഗ ഉപപദ്ധതി (റ്റി.എസ്.പി) വിഹിതത്തിന്റെ 30 ശതമാനത്തിൽ അധികം തുക പശ്ചാത്തല മേഖലയക്ക് വകയിരുത്താൻ പാടില്ല.

(7) പൊതുവിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്. പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 10 ശതമാനം വനിതാ ഘടക പദ്ധതിക്ക് വകയിരുത്തണം.

(8) പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജെൻഡർ എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5 ശതമാനം വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം.

5.4.2 പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ മേഖലാ വകയിരുത്തൽ സംബന്ധിച്ച വിശദാംശങ്ങൾ ഖണ്ഡിക 6.7ൽ നൽകിയിട്ടുണ്ട്.